(സി) റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. കൃഷി ഭൂമിയിലും മനുഷ്യവാസസ്ഥലങ്ങളിലും വന്യമൃഗങ്ങൾ ഇറങ്ങി എന്ന് റിപ്പോർട്ട് ലഭിച്ച ഉടൻ ടി സ്ഥലങ്ങളിൽ എത്തിച്ചേരുകയും അവിടത്തെ പ്രാദേശിക ജീവനക്കാരുടെയും വാച്ചർമാരുടെയും വി.എസ്.എസ്./ ഇ.ഡി.സി. അംഗങ്ങളുടെയും സഹായത്തോടെ പ്രതിരോധ നടപടികൾ കൈക്കൊണ്ട് വന്യമൃഗങ്ങൾ തിരികെ കാട്ടിലേക്ക് തന്നെ പോയി എന്ന് ഉറപ്പുവരുത്തുക.

2. കൃഷി നാശം വരുത്തുന്നത് ഒറ്റയാനായ കാട്ടാനയാണെങ്കിൽ അതിനെ തിരികെ കാട്ടിലേക്ക് തുരത്തിയോടിക്കുന്നതിനുള്ള ശ്രമം വിഫലമാവുന്ന പക്ഷം ടി കാട്ടാനയെ മയക്കുവെടിവച്ച് തിരികെ കാട്ടിലേക്ക് വിടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

3. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി ആ പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസറുമായി ബന്ധപ്പെട്ട് പോലീസിന്റെ സഹായം തേടുക.

4. എല്ലാ പ്രവർത്തനങ്ങളുടെയും റിപ്പോർട്ടുകൾ അപ്പപ്പോൾ ലഭ്യമാക്കി മറ്റ് പ്രദേശങ്ങളിലെ ഓഫീസർമാരുമായി ഏകോപനം നടത്തുക.

5. കാട്ടാനകളുടെ ആക്രമണം ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സ്ഥിരമായി പട്രോളിംഗ് നടത്തി ആന പ്രതിരോധ കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, കയ്യാലകൾ എന്നിവ പരിശോധിച്ചും പൊതുജനങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിച്ചും വേണ്ട മുൻകരുതലുകൾ എടുക്കുക.

(ഡി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കാവുസംരക്ഷണ പദ്ധതി

267(3089) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാവു സംരക്ഷണ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) കാവും കുളവും സംരക്ഷിക്കുന്നത് സംബന്ധിച്ച് വനവും പരിസ്ഥിതിയും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസി ആരെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ചുമതലവഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 12-9-2013-ലെ ജി.ഒ. (ആർ‌ടി.) നമ്പർ 354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനംവകുപ്പ് നടപ്പിലാക്കിവരുന്നത്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽനിന്നും വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവ് സംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത സംസ്ഥാനതല വിദഗ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെയും ആയതിലെ ജൈവവൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാനത്തിൽ യോഗ്യമായ അഞ്ച് കാവുകൾ വീതം ഓരോ ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ടി കാവുകളുടെ ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രോപ്ലാനിന്റെ അംഗീകാരത്തിന് വിധേയമായിട്ടാണ് ധനസഹായം നൽകിവരുന്നത്.

കേരള സർക്കാരിന്റെ സി.ബി.ഡി. ഫണ്ടിൽനിന്നും കാവ് സംരക്ഷണ പദ്ധതിക്ക് 2010-11 വർഷം മുതൽ 2014-15 വർഷം വരെ ചെലവാക്കിയ തുകയും തുക വിതരണം ചെയ്ത കാവുകളുടെ ആകെ എണ്ണവും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക (ലക്ഷത്തിൽ)	കാവുകളുടെ എണ്ണം
1	2010-11	65.5	33.607	146
2	2011-12	45.10	30.396	174
3	2012-13	39.25	28.55	166
4	2013-14	53.70	28.758	130 (62 പുതിയ കാവ്) 68 മുൻകാലങ്ങളിൽ ദീർഘകാല സംരക്ഷണത്തിന് തെരഞ്ഞെടുത്തത്)
5	2014-15	48.13	22.02	

LIBRARY ARCHIVES Kerala Legislative Assembly